ചെയർമാൻ ജില്ലാദുരന്തനിവാരണ അതോറിറ്റി& ജില്ലാകളക്ടർ കോഴിക്കോടിന്റെ നടപടിക്രമം

(ഹാജർ : ഡോ.നരസിംഹഗാരി ടി.എൽ റെഡ്ഡി ,ഐ.എ.എസ്)

വിഷയം : നിപ്പ വൈറസ് വ്യാപനം – നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന : ബഹു.ആരോഗ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05/9/2021 ന് നടന്ന യോഗത്തിലെ തീരുമാനം

ORDER NO: DCKKD/7428/2021/F4 Date:05-09-2021

കോഴിക്കോട് ജില്ലയിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ നിപ്പ വൈറസ് രോഗം ബാധിച്ച് ഒരാൾ മരണപ്പെട്ടതായി സ്ഥിരീകരിച്ചിട്ടുണ്ട് . നിപ്പ വൈറസ് ബാധക്കെതിരായ മുൻകരുതലുകളെ കുറിച്ചും രോഗവ്യാപനം തടയുന്നതിനുള്ള പ്രതിരോധനടപടികളെകുറിച്ചും ദേശിയ പകർച്ചവ്യാധി നിയന്ത്രണ വിഭാഗം (NCDC) മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് . ഇതിന്റെ അടിസ്ഥാനത്തിൽ ബഹു.ആരോഗ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 5/9/2021 ന് ചേർന്ന യോഗത്തിൽ രോഗബാധ റിപ്പോർട്ട് ചെയ്ത സ്ഥലത്തും സമീപപ്രദേശത്തും നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ തീരുമാനമായിട്ടുണ്ട് . ഈ സാഹചര്യത്തിൽ 2020 ലെ കേരള എപ്പിഡമിക് ഡിസീസ് ഓർഡിനൻസ് സെക്ഷൻ 4 പ്രകാരം പകർച്ചവ്യാധി പടരുന്നത് തടയാനായി ജില്ലാദുരന്തനിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാകളക്ടർ കൂടിയായ ഡോ.നരസിംഹഗാരി ടി.എൽ റെഡ്ഡി ഐ.എ.എസ് എന്ന ഞാൻ 2005 ലെ ദുരന്തനിവാരണനിയമം സെക്ഷൻ 26,30 34 പ്രകാരം താഴെപറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഉത്തരവ്

- നിപ്പ വൈറസ് ബാധ റിപ്പോർട്ട് ചെയ്ത ചാത്തമംഗലം ഗ്രാമപഞ്ചായത്ത് മുഴുവനായും ,മുക്കം മുൻസിപ്പാലിറ്റി ,കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ ചാത്തമംഗലം പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന 3 കിലോമീറ്റർ ചുറ്റളവിലുള്ള വാർഡുകളെയും കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിക്കുന്നു .
- നിയന്ത്രണങ്ങളിൽ ഏറ്റവും പ്രധാനം കണ്ടെയിൻമെന്റ് സോണായ പ്രദേശങ്ങളിൽനിന്ന് അകത്തേക്കോ പുറത്തേക്കോ യാത്ര ചെയ്യാൻ അനുവദിക്കുകയില്ല (Strict perimeter control)
- ഭക്ഷ്യവസ്തുക്കളും മരുന്നുകളും ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെ വിൽപ്പന കേന്ദ്രങ്ങൾ മാത്രമെ അനുവദനീയമായിട്ടുള്ളു. പ്രവർത്തന സമയം രാവിലെ 07 മണി മുതൽ ഉച്ചക്ക് 02 മണി വരെ മാത്രം. മരുന്ന് ഷോപ്പുകൾക്കും മറ്റ് ആരോഗ്യ കേന്ദ്രങ്ങൾക്കും സമയപരിധിയില്ല.

ചെയർമാൻ ജില്ലാദുരന്തനിവാരണ അതോറിറ്റി&

ജില്ലാകളക്ടർ .

പകർപ്പ് :

1. ജില്ലാപോലീസ് മേധാവി,കോഴിക്കോട് സിറ്റി,കോഴിക്കോട് .
2. ജില്ലാപോലീസ് മേധാവി,കോഴിക്കോട് റൂറൽ ,കോഴിക്കോട് .
3. ജില്ലാമെഡിക്കൽ ഓഫീസർ (ആരോഗ്യം) ,കോഴിക്കോട് .
4. സെക്രട്ടറി ,ചാത്തമംഗലം ഗ്രാമപഞ്ചായത്ത
5. സെക്രട്ടറി ,കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്
6. സെക്രട്ടറി ,മുക്കം മുൻസിപ്പാലിറ്റി,മുക്കം
7. തഹസിൽദാർ ,കോഴിക്കോട് , .
8. ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ,കോഴിക്കോട്
9. ജില്ലാഇൻഫർമേഷൻ ഓഫീസർ ,കോഴിക്കോട് .